**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1359** **10-10-2024 - ൽ മറുപടിയ്ക്ക്**

**കേരള വിദ്യാഭ്യാസ(ഭേദഗതി) ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 03.12.2016 ലെ സ.ഉ.(പി)നം. 199/2016/പൊ.വി.വ. പ്രകാരമുള്ള കേരള വിദ്യാഭ്യാസ(ഭേദഗതി) ചട്ടങ്ങൾക്ക് (എസ്.ആർ.ഒ. നം.752/2016) മുൻകാല പ്രാബല്യം കൊടുക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായത്തിൻമേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി എന്തായിരുന്നു; മുൻകാലപ്രാബല്യം നൽകുന്നത് നിയമാനുസൃതമല്ലായെന്ന് നിയമ വകുപ്പ് അറിയിച്ചിരുന്നോ; എങ്കിൽ പ്രസ്തുത നിയമോപദേശം മറികടന്ന് പ്രസ്തുത ചട്ടങ്ങൾക്ക് 29.01.2016 മുതൽ മുൻകാല പ്രാബല്യം നൽകാനുണ്ടായ സാഹചര്യം വിശദമാക്കുമോ? | (എ) | ഭേദഗതി ചട്ടങ്ങൾ മുൻകാല പ്രാബല്യത്തോടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന 05/08/2016 മുതൽ ഭേദഗതി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും 26/09/2016 ലെ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശത്തിനും വിരുദ്ധമായി യാതൊരു നിയമനവും ഡിപ്ലോയ്മെന്റും നടന്നിട്ടില്ലായെന്ന് ഉറപ്പ് വരുത്തണമെന്നായിരുന്നു പ്രസ്തുത വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം. സർക്കാർ ഈ വിഷയം പരിശോധിക്കുകയും ചട്ടഭേദഗതികൾക്ക് 29/01/2016 മുതൽ മുൻകാല പ്രാബല്യം നൽകുവാൻ നയപരമായ തീരുമാനം എടുക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ